**കണ്ണൂർ സർവകലാശാല**

താവക്കര സിവിൽ സ്റ്റേഷൻ പി. ഓ കണ്ണൂർ 670002

DSS/A1/1/2023 05.04.2023

**<u>പ്രസിദ്ധീകരണത്തിന്</u>**

കണ്ണൂർ സർവകലാശാല കലോത്സവത്തിലും, സോണൽ/നാഷണൽ തല കലോത്സവങ്ങളിലും വിജയിച്ച 2022 – 23 അദ്ധ്യയന വർഷത്തിൽ ആർട് സ് ഗ്രേസ് മാർക്കിന് അർഹത നേടിയ ഒന്ന്/രണ്ട്/മൂന്ന് വർഷ ബിരുദ വിദ്യാർത്ഥികളിൽ നിന്നും ഒന്ന്/രണ്ട് വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികളിൽ നിന്നും ആർട് സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

ആർട് സ് ഗ്രേസ് മാർക്കിനുള്ള അപേക്ഷകൾ ഫൈൻ ആർട് സ് അഡ്വൈസർ/ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പ്രൊഫോർമ, ഹാൾടിക്കറ്റിന്റെയും മെറിറ്റ് സർട്ടിഫിക്കറ്റിന്റെയും പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവയോടൊപ്പം സർവകലാശാല താവക്കര ആസ്ഥാനത്തെ വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടറുടെകാര്യാലയത്തിൽ (അമിനിറ്റി സെന്റർ) **2023 ഏപ്രിൽ 30 –ന് വൈകിട്ട് 5 മണി വരെ നേരിട്ട് സമർപ്പിക്കാവുന്നതാണ് .**

അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട പ്രത്യേക നിർദ്ദേശങ്ങൾ, പ്രൊഫോര് മ എന്നിവ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊഫോര് മയുടെ സോഫ്റ്റ് കോപ്പി എക്സൽ ഫോർമാറ്റിൽ nss@kannuruniv,ac,in എന്ന ഇമെയിൽ അഡ്രസ്സിൽ കൂടി ലഭ്യമാക്കേണ്ടതാണ്

വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ പത്ര മാധ്യമങ്ങൾക്കും (പ്രസിദ്ധീകരണത്തിന്)
2. വെബ് മാനേജർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കണ്ണൂർ സർവ്വകലാശാല

ഡി എസ് എസ്

നമ്പർ. ഡി എസ് എസ്/A1/1/2023 തീയതി: 05.04.2023

## സർക്കുലർ

വിഷയം:- 2022 -23 വർഷത്തെ കണ്ണൂർ സർവകലാശാല/സോണൽ/നാഷണൽ തല കലോത്സവം - ഒന്ന്/രണ്ട്/മൂന്ന് വർഷ ബിരുദ വിദ്യാർത്ഥികൾക്ക് ഒന്ന്/രണ്ട് വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ആർട്സ് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് - അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- ____________

2022 –23 അദ്ധ്യയന വർഷത്തിൽ കണ്ണൂർ സർവകലാശാല കലോത്സവത്തിലും, സോണൽ/നാഷണൽ തല കലോത്സവങ്ങളിലും പങ്കെടുത്തു ആർട് സ് ഗ്രേസ് മാർക്കിന് അർഹത നേടിയ ഒന്ന്/രണ്ട്/മൂന്ന് വർഷ ബിരുദ വിദ്യാർത്ഥികൾക്കും ഒന്ന്/രണ്ട് വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്ക് അനുവദിക്കുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിർദ്ദേശങ്ങൾ**

i)അപേക്ഷകൾ, ബന്ധപ്പെട്ട പ്രിൻസിപ്പൽ /ഫൈൻ ആർട് സ് അഡ്വൈസർ സാക്ഷ്യപ്പെടുത്തിയ പ്രൊഫോർമ, മെറിറ്റ് സർട്ടിഫിക്കറ്റ് , ഹാൾടിക്കറ്റ് എന്നിവയുടെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവയോടൊപ്പം സർവകലാശാല താവക്കര ആസ്ഥാനത്തെ വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടറുടെകാര്യാലയത്തിൽ (അമിനിറ്റി സെന്റർ) **2023 ഏപ്രിൽ 30 –ന് വൈകിട്ട് 5** മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

ii)അപേക്ഷകൾ വര് ഷം, കോഴ്സ്, രജിസ്റ്റർ നമ്പർ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേകം, പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

iii)അപേക്ഷകൾ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട പ്രത്യേക നിർദ്ദേശങ്ങൾ, പ്രൊഫോര് മ എന്നിവ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

iv)എക്സൽ ഫോർമാറ്റിൽ തയ്യാറാക്കിയ അപേക്ഷകരുടെ ലിസ്റ്റ് **nss@kannuruniv.ac.in** എന്ന ഇ മെയിൽ വിലാസത്തിലേക്കും അയക്കേണ്ടതാണ്.

v)ഗ്രേസ് മാർക്ക് നൽകുന്നതിന് സർവകലാശാലയിൽ നിലവിലുള്ള മാനദണ്ഡങ്ങൾ, അവയുമായി ബന്ധപ്പെട്ട ഉത്തരവുകൾ എന്നിവ കണ്ണൂർ സർവകലാശാല വെബ്സൈറ്റിൽ Director of Student Services എന്ന ലിങ്കിൽ ലഭ്യമാണ്

vi)നിശ്ചിത കാലാവധിക്കുള്ളിൽ അപേക്ഷകൾ സമർപ്പിക്കാൻ പറ്റാത്തവർക്ക് താഴെ പറയുന്ന രീതിയിൽ പിഴ ഒടുക്കിക്കൊണ്ട് അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്

| കാലാവധി | പിഴത്തുക പ്രതി വിദ്യാർത്ഥിക്ക് |
|---|---|
| 2023 മെയ് 01 മുതൽ ജൂലൈ 31 വരെ | ₹250/- |
| 2023 ആഗസ്റ്റ് 01 മുതൽ ഒക്ടോബർ 31 വരെ | ₹500/- |
| 2023 നവംബർ 01 മുതൽ ഡിസംബർ 31 വരെ | ₹1000/- |

Sd/-

ഡോ.നഫീസ ബേബി ടി പി

വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും/ ക്യാംപസ് ഡയറക്ടർമാർക്കും
2. വെബ് മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ